**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 6022

19-11-2019 ൽ മറുപടിക്ക്

## ജവഹർ സഹകരണ ഭവൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സണ്ണി ജോസഫ്** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | സഹകരണ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾക്ക് വേണ്ടിയാണോ ജവഹർ സഹകരണ ഭവൻ നിർമ്മിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; നിലവിൽ അതിൽ ഏതെല്ലാം ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ; | (എ) | സഹകരണ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾക്ക് വേണ്ടിയാണ് ജവഹർ സഹകരണ ഭവൻ നിർമ്മിച്ചിട്ടുള്ളത്.<br>എന്നാൽ ജവഹർ സഹകരണ ഭവൻ നിർമ്മിക്കുന്നതിനുമുമ്പ് പ്രവർത്തിച്ചു കൊണ്ടിരുന്ന കേരള സർവ്വ വിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന് 10-ാം നില ഓഫീസ് അനുവദിച്ചിട്ടുള്ളതും ടി ഓഫീസ് പ്രവർത്തിച്ചു വരുന്നതുമാണ്.<br>നിലവിൽ സഹകരണ സംഘം രജിസ്ട്രാറുടെ ആഫീസ്, സഹകരണ സംഘം ആഡിറ്റ് ഡയറക്ടറുടെ ആഫീസ്, കേരള സർവ്വ വിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ പ്രവർത്തിച്ചുവരുന്നു. |
| (ബി) | സഹകരണ പെൻഷൻ ബോർഡിന് പ്രസ്തുത കെട്ടിടത്തിൽ സ്ഥലം അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ ഏത് ബ്ലോക്കിലെന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ എന്ത് കാരണത്താലാണ് സ്ഥലം അനുവദിക്കാത്തതെന്ന് വെളിപ്പെടുത്താമോ? | (ബി) | ഉണ്ട്.<br>7-ാം നിലയിൽ 3093 സ്ക്വയർ ഫീറ്റ് അനുവദിച്ചിട്ടുണ്ട്. എന്നാൽ 6500 സ്ക്വയർ ഫീറ്റ് സ്ഥലമെങ്കിലും നൽകണമെന്നും അല്ലാത്ത പക്ഷം സ്വന്തമായി സ്ഥലമോ, കെട്ടിടത്തോട്ടു കൂടിയ സ്ഥലമോ വാങ്ങാൻ അനുവദിക്കണമെന്നും പെൻഷൻ ബോർഡ് ആവശ്യപ്പെട്ടിട്ടുണ്ട്. ടി അപേക്ഷ രജിസ്ട്രാറുടെ പരിഗണനയിലാണ്.അതോടൊപ്പം തന്നെ അനുമതിക്കു വിധേയമായി ഓഫീസ് പ്രവർത്തനത്തിനാവശ്യമായ സ്ഥലമോ /7000 Sq ft കെട്ടിടത്തോട്ടു കൂടിയ സ്ഥലമോ ലഭിക്കുന്നതിന് പെൻഷൻ ബോർഡ് പത്രപരസ്യം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**